DESPATCHED
On...31.5.2020
30/01/2020



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2332588, ഫാക്സ്: 0471 2561603
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.1955(4)/2018/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.7570/എസ്.ഐ.സി–ജി 2/2018)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ഷൈലജകുമാരി. എസ്,
ടെക്നിക്കൽ ഓഫീസർ,
ജെ.എൻ.ടി.ബി.ജി.ആർ.ഐ,
പാലോട്, കരിമൺകോട് പി.ഒ.
} അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
രജിസ്ട്രാർ,
ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്ക്
ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്,
കരിമൺകോട് പി.ഒ., പച്ച–പാലോട്,
തിരുവനന്തപുരം.
2. അപ്പീൽ അധികാരി &
ഡയറക്ടർ,
ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്ക്
ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്,
കരിമൺകോട് പി.ഒ., പച്ച–പാലോട്,
തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 14.03.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 27.03.2018 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 11.04.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 11.05.2018 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 14.07.2018 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 18.07.2018 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരി 1998 ൽ ജെ.എൻ.ടി.ബി.ജി.ആർ.ഐ യിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം നടത്തിയ റാങ്ക് ലിസ്റ്റിന്റെ പകർപ്പും, ലിസ്റ്റിലുണ്ടായിരുന്ന ഉദ്യോഗാർത്ഥികളുടെ യോഗ്യതയും, റാങ്കും സംബന്ധിച്ച വിവരങ്ങളും, ടി ലിസ്റ്റനുസരിച്ച് അവസാനം നിയമനം ലഭിച്ച വ്യക്തിയുടെ റാങ്ക് നമ്പർ എന്നീ വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 16.01.2020 ൽ കമ്മീഷന്റെ തിരുവനന്തപുരത്തെ ആസ്ഥാനത്ത് ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരി ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി. ടിയാൻ വിശദമായ റിപ്പോർട്ടും വിവരാവകാശ അപേക്ഷയിൽ അപ്പീൽ ഹർജിക്കാരിക്കു നൽകിയ മറുപടികളുടെ പകർപ്പുകളും ഹിയറിംഗ് വേളയിൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചു.

3. അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ട റാങ്ക് ലിസ്റ്റോ, ബന്ധപ്പെട്ട ഫയലോ മറ്റു വിവരങ്ങളോ പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ലെന്നും, ഈ വിവരം കാണിച്ച് അപേക്ഷകയ്ക്ക് 27.03.2018 ൽ മറുപടി നൽകിയതാണെന്നും റിപ്പോർട്ടിൽ പറഞ്ഞു. തുടർന്ന് 11.04.2018 ൽ ടിയാൾ ഇതു സംബന്ധിച്ച് അപ്പീൽ നൽകുകയും, 19 വർഷത്തോളം പഴക്കമുള്ള റാങ്ക് ലിസ്റ്റ് വിവരങ്ങൾ ലഭിക്കുന്നതിനുള്ള പരിശോധനകൾ നടത്തി വരികയാണെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതുമാണെന്ന് അപ്പീൽ അധികാരി കൂടിയായ ഡയറക്ടർ ടിയാൾക്ക് മറുപടി നൽകുകയുണ്ടായി.

4. പിന്നീട് നടത്തിയ വിശദമായ അന്വേഷണത്തിലും, ഈ വിഷയം സംബന്ധിച്ച യാതൊരുവിധ രേഖകളും ഈ ഓഫീസിൽ നാളിതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ എല്ലാ വിധ പരിശ്രമവും

നടത്തി. ഈ ഓഫീസിലെ എല്ലാ അലമാരകളും റിക്കോഡ് റൂമും അരിച്ചു പെറുക്കി പലതവണ പരിശോധന നടത്തിക്കഴിഞ്ഞു. 1998 ലെ ടെക്നിക്കൽ അസിസ്റ്റന്റ് നിയമനം സംബന്ധിച്ച രേഖകളൊന്നും കണ്ടെത്താൻ കഴിഞ്ഞില്ല. ഡയറക്ടറുടെ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള രേഖകളും വിശദമായി പരിശോധിച്ചതിൽ നിന്നും 1998 ൽ ടെക്നിക്കൽ അസിസ്റ്റന്റായി നിയമനം ലഭിച്ചവരുടെ ഓഫർ ലെറ്ററും, നിയമന ഉത്തരവും കണ്ടെത്തിയിട്ടുണ്ട്. എന്നാൽ റാങ്ക് ലിസ്റ്റ് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും റിപ്പോർട്ടിൽ തുടർന്നു പറഞ്ഞു.

5. ഇതിനുശേഷം 20.01.2020 ൽ അപ്പീൽ ഹർജിക്കാരി കമ്മീഷന് ഒരു അപേക്ഷ നൽകി. 16.01.2020 ലെ ഹിയറിംഗ് നോട്ടീസ് തനിക്ക് ലഭിച്ചിരുന്നില്ലെന്നും, അതുകൊണ്ടാണ് അന്നത്തെ ഹിയറിംഗിൽ പങ്കെടുക്കാൻ കഴിയാതെ വന്നതെന്നും, അപേക്ഷയുമായി ബന്ധപ്പെട്ട് തന്റെ വാദം കൂടി കേട്ട ശേഷമേ ഉത്തരവ് പുറപ്പെടുവിക്കാവൂ എന്നും അഭ്യർത്ഥിച്ചു കൊണ്ടുള്ളതായിരുന്നു ടിയാളുടെ അപേക്ഷ.

6. അപേക്ഷകയുടെ വാദം കൂടി കേൾക്കാതെ ഉത്തരവ് പുറപ്പെടുവിക്കുന്നത് സ്വാഭാവിക നീതിയുടെ നിഷേധമായിരിക്കും എന്നതുകൊണ്ട് കമ്മീഷൻ ടിയാളെ കേൾക്കുന്നതിനുവേണ്ടി 30.01.2020 ൽ കമ്മീഷൻ ആസ്ഥാനത്ത് ടിയാളെ പങ്കെടുപ്പിച്ച് ഹിയറിംഗ് നടത്തി.

9. തന്റെ സീനിയോറിറ്റി മറികടന്ന് ചിലരെ നിയമിച്ചുവെന്നും, ഇക്കാര്യത്തിൽ നിയമനടപടി സ്വീകരിക്കാൻ, റാങ്ക് ലിസ്റ്റിന്റെ പകർപ്പ് അനിവാര്യമാണെന്നും, അത് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് ഒന്നാം എതിർകക്ഷി പറയുന്നത് കാര്യങ്ങൾ ബോധപൂർവ്വം മറച്ചുവച്ചുകൊണ്ടാണെന്നും അപ്പീൽ ഹർജിക്കാരി മൊഴി നൽകി.

10. ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. അതിൽ നിന്ന് കമ്മീഷൻ താഴെ പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നു.

1. അപ്പീൽ ഹർജിക്കാരിയുടെ ആവശ്യം തികച്ചും ന്യായയുക്തമാണ്.

2. ഒന്നാം എതിർകക്ഷി, റാങ്ക് ലിസ്റ്റ് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നു പറയുന്നതിൽ യുക്തിഭംഗമുണ്ട്. അതുകൊണ്ടുതന്നെ അത് വിശ്വസനീയമാണെന്നു കരുതാനും വയ്യ.

3. 1998 ൽ ടെക്നിക്കൽ അസിസ്റ്റന്റായി നിയമനം ലഭിച്ചവരുടെ ഓഫർ ലെറ്ററും നിയമന ഉത്തരവും കണ്ടെത്താൻ കഴിഞ്ഞ ഒന്നാം എതിർകക്ഷിക്ക്, ഇതിനൊക്കെ ആധാരമായ റാങ്ക് ലിസ്റ്റ് മാത്രം കണ്ടെത്താൻ കഴിഞ്ഞില്ല എന്നത് സംശയം ജനിപ്പിക്കുന്നതാണ്. റാങ്ക് ലിസ്റ്റ് അടിസ്ഥാനപ്പെടുത്തിയായിരിക്കുമല്ലോ ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവും ഓഫർ ലെറ്ററുമൊക്കെ അയക്കുന്നത്. ഇതിൽ എന്തെങ്കിലും പാകപ്പിഴകൾ ഉണ്ടായിട്ടുണ്ടെന്ന സംശയം ഉണ്ടായാൽ, അക്കാര്യത്തിൽ സ്ഥാപനത്തിനു തന്നെ വ്യക്തത വരുത്തുന്നതിനും റാങ്ക് ലിസ്റ്റ് കുറ്റമറ്റ നിലയിൽ സൂക്ഷിച്ചേ മതിയാകൂ. അതുകൊണ്ട്, കേവലമൊരു നോട്ടീസുപോലെ റാങ്ക്ലിസ്റ്റ് കൈകാര്യം ചെയ്യുന്നു എന്നു കരുതുന്നത് അസംഭവ്യവും, അതുകൊണ്ടുതന്നെ അസംബന്ധവുമാണ്. പ്രത്യേകിച്ച് രാജ്യത്തിന്റെ തന്നെ അഭിമാന ഗവേഷണ സ്ഥാപനമായ, പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റെ നാമധേയത്തിലുള്ള ഒരു സ്ഥാപനത്തിൽ, ഇത്തരം ലാഘവത്വം നിറഞ്ഞ സമീപനം ഉണ്ടാകുന്നുവെന്നത് ആശാസ്യമല്ല; അഭിലഷണീയവുമല്ല. "Facts are facts and will not disappear on account of your likes" എന്നാണ് ജവഹർലാൽ നെഹ്രു പറഞ്ഞിട്ടുള്ളത്.

11. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ ഒന്നാം എതിർകക്ഷി പറയുന്നതെല്ലാം വെറും ന്യായവാദങ്ങളാണ്; അല്ലാതെ ന്യായമല്ല എന്നാണ് കമ്മീഷൻ വിലയിരുത്തുന്നത്.

RIGHT TO INFORMATION

12. അതുകൊണ്ട് ഈ ഉത്തരവ് കൈപ്പറ്റി പരമാവധി ഒരു മാസത്തിനുള്ളിൽ ടി റാങ്ക് ലിസ്റ്റ് കണ്ടെത്തി, ആയതിന്റെ പകർപ്പ് അപ്പീൽ ഹർജിക്കാരിക്ക് നൽകേണ്ടതും ടി വിവരം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ ഹർജി ഇന്നേദിവസം 30.01.2020 ന് താൽക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

re